ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്തെഴുതേണ്ട ഉത്തരങ്ങളായിരുന്നതിനാൽ അക്ഷരത്തെറ്റുള്ള ഉത്തരങ്ങൾ പരിഗണിച്ചിട്ടില്ല.

**സ്കൊളാസ്റ്റിക് ടെസ്റ്റ് ഉത്തരങ്ങൾ**

1. 2000
2. തമിഴ്
3. കൊടുങ്ങല്ലൂർ
4. ഒക്ടോബർ 6
5. ഉദയംപേരൂർ
6. കൊടുങ്ങല്ലൂർ
7. പുതുജീവനെ
8. അങ്കമാലി
9. മാർ ഇവാനിയോസ്
10. വില്ലാർവട്ടം രാജാവ്
11. തൃശ്ശൂർ
12. മാർ ആന്റണി അലിയാർദി
13. ലെയോ 13-ാമൻ
14. വി. പത്താം പിയൂസ് പാപ്പ
15. ഛാന്ദാ
16. മാർ ജോസഫ് പാറേക്കാട്ടിൽ
17. 1962 ജൂലൈ 3
18. കർദ്ദിനാൾ ആന്റണി പടിയറ
19. 1972
20. മേജർ ആർച്ച് ബിഷപ്പ്
21. 1993
22. അമലോത്ഭവ മാതാവ്
23. 1992
24. താമരശ്ശേരി
25. 29
26. 11
27. കൊല്ലം
28. 11-ാം പീയൂസ് പാപ്പ
29. മാർ ഇവാനിയോസ് മെത്രാപ്പൊലീത്താ
30. 8
31. 1653
32. പാലാകുന്നത്ത് അബ്രാഹം
33. പെന്തക്കോസ്തസഭ
34. മാർ യോഹന്നാൻ
35. 1542





36. മൈലാപ്പൂരിൽ
37. ഗോവയിൽ
38. 1599
39. ചങ്ങനാശ്ശേരി
40. കോട്ടയം
41. 1944
42. 12-ാം പിയൂസ് പാപ്പ
43. വടവാതൂർ
44. പോൾ ആറാമൻ
45. 1968
46. ചാവറ കുര്യാക്കോസ്
47. 1991
48. 181
49. 1999
50. പാറേമ്മാക്കൽ തോമ്മാ കത്തനാർ
51. രക്തസാക്ഷികളുടെ സുവിശേഷ സാക്ഷ്യത്തെ
52. ജോസഫ് ഷ്മീഡ്ലിൻ
53. മിഷനറീസ് ഓഫ് ചാരിറ്റി
54. 1962 ഒക്ടോബർ 11
55. ട്രന്റ് കൗൺസിൽ
56. ജോൺ പോൾ രണ്ടാമൻ
57. ആഥൻസ്
58. അഗാബോസ്
59. ആശ്വാസ പുത്രൻ
60. തിമോത്തിയോസ്
61. കാരാഗ്രഹവും പീഡനവും
62. സ്നേഹം
63. റൂഫസിന്റെ
64. വേദപ്രചാരസംഘം
65. മനുഷ്യരക്ഷ
66. ദാമ്പത്യബന്ധം
67. എല്ലാവിശ്വാസികൾക്കും
68. സുവിശേഷപ്രചാരണം
69. മനുഷ്യ വ്യക്തിയെ
70. വി. കൂദാശകൾ
71. വിശ്വാസപ്രതിസന്ധിയുടെ
72. സമറിയ
73. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റി
74. റിദംപ്തോറിസ് മിസിയോ
75. പിയൂസ് 12-ാമൻ പാപ്പ
76. റൂ ആഹ്
77. പവിത്രീകരിക്കുന്ന ആത്മാവ്
78. റൂഹാ
79. സങ്കീർത്തനങ്ങൾ
80. മിക്കാ
81. അച്ചാരം
82. അഞ്ച്
83. പത്രോസ്
84. ജോൺ പോൾ 2-ാമൻ
85. അഗ്നികത്തിപ്പടരണം
86. മിഖായേൽ ഗോർബച്ചോവ്
87. വി. പൗലോസ്
88. ആരാധനാക്രമത്തെ
89. വി. ഇരണേവൂസ്
90. പ്രബോധനാധികാരം
91. ഫാ. ഡെർജിയോ വെല്ലീനി
92. മാർ ജേക്കബ് അങ്ങാടിയത്ത്
93. വിശ്വാസവർഷം
94. കിങ് ജയിംസ്
95. ആവിലായിലെ വി. യോഹന്നാൻ
96. റിയോ ദെ ജനിറ്റായിൽ
97. കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്
98. ആർച്ച് ബിഷപ്പ് ഡോ. സാൽവത്തോരെ പിനാച്ചോ
99. ഷെവലിയർ
100. 21

## II HDC പരീക്ഷാഫലം 2010-2011

| ഇടവക | പരീക്ഷ എഴുതിയവർ | പാസ്സായവർ | ഡിസ്റ്റിൻഷൻ | ഫസ്റ്റ് ക്ലാസ് | ശതമാനം |
|---|---|---|---|---|---|
| **കാഞ്ഞിരപ്പുഴ ഫൊറോന** | | | | | |
| കാഞ്ഞിരപ്പുഴ | 17 | 17 | 2 | 8 | 100 |
| ചീനിക്കപ്പാറ | 9 | 8 | 1 | 3 | 88 |
| ഇരുമ്പകച്ചോല | 10 | 8 | 1 | 2 | 80 |
| കാഞ്ഞിരപ്പുഴ ഡാം | 7 | 7 | - | 3 | 100 |
| പാലക്കയം | 17 | 17 | - | 8 | 100 |
| പൂഞ്ചോല | 6 | 4 | 1 | 1 | 66 |
| വട്ടപ്പാറ | 1 | 1 | - | - | 100 |
| വിമലഗിരി | 10 | 8 | - | 6 | 80 |
| **മംഗലംഡാം ഫൊറോന** | | | | | |
| മംഗലംഡാം | 22 | 22 | 3 | 14 | 100 |
| മരിയനഗർ ചിറ്റടി | 5 | 5 | 1 | 3 | 100 |
| മേരിലാന്റ് ചിറ്റടി | 4 | 4 | 1 | 3 | 100 |
| ഇളവംപാടം | 4 | 4 | 1 | 3 | 100 |
| കടപ്പാറ | 5 | 5 | - | 2 | 100 |
| കയറാടി | 8 | 8 | 4 | 4 | 100 |
| മാങ്കുർശ്ശി | 12 | 11 | 1 | 2 | 92 |
| നീതിപുരം | 5 | 5 | 1 | 4 | 100 |
| ഓടംതോട് | 6 | 6 | 3 | 2 | 100 |
| ഒലിപ്പാറ | 12 | 12 | 1 | 5 | 100 |
| പൊൻകണ്ടം | 13 | 11 | 4 | 5 | 85 |
| **മണ്ണാർക്കാട് ഫൊറോന** | | | | | |
| മണ്ണാർക്കാട് | 26 | 25 | 6 | 12 | 96 |
| അലനല്ലൂർ | 3 | 3 | - | 2 | 100 |
| ആനമൂളി | 1 | 1 | - | 1 | 100 |
| എടത്തനാട്ടുകര | 7 | 7 | - | 4 | 100 |
| കൈതച്ചിറ | 3 | 3 | - | 1 | 100 |
| കണ്ടമംഗലം | 10 | 10 | 1 | 6 | 100 |
| കാരാപ്പാടം | 6 | 6 | - | 3 | 100 |
| കോട്ടപ്പുറം | 7 | 7 | 1 | 5 | 100 |
| മെഴുകുംപാറ | 1 | 1 | - | - | 100 |
| പുല്ലിശ്ശേരി | 5 | 5 | 4 | 1 | 100 |
| ശ്രീകൃഷ്ണപുരം | 8 | 8 | 3 | 3 | 100 |
| തിരുവിഴാംകുന്ന് | 3 | 3 | 1 | 1 | 100 |





| | | | | | |
|---|---|---|---|---|---|
| **മേലാർക്കോട്ഫൊറോന** | | | | | |
| മേലാർക്കോട് | 10 | 9 | 2 | 6 | 90 |
| ആലത്തൂർ | 8 | 8 | - | 5 | 100 |
| നെന്മാറ | 7 | 7 | 3 | 4 | 100 |
| പോത്തുണ്ടി | 8 | 6 | - | 3 | 75 |
| **ഒലവക്കോട്ഫൊറോന** | | | | | |
| ഒലവക്കോട് | 17 | 16 | - | 12 | 94 |
| അകമലവാരം | 2 | 2 | - | 1 | 100 |
| ആനക്കല്ല് | 3 | 3 | - | 3 | 100 |
| ധോണി | 5 | 5 | - | 1 | 100 |
| സെന്റ് ജൂഡ് മലമ്പുഴ | 4 | 4 | - | 1 | 100 |
| സൗത്ത് മലമ്പുഴ | 1 | 1 | - | 1 | 100 |
| മരിയൻ നഗർ മലമ്പുഴ | 1 | 1 | - | 1 | 100 |
| മൈലംപുള്ളി | 20 | 19 | 1 | 7 | 95 |
| ഞാറക്കോട് | 3 | 3 | 1 | 2 | 100 |
| പുലാപ്പറ്റ | 10 | 10 | 3 | 3 | 100 |
| **ഒറ്റപ്പാലം ഫൊറോന** | | | | | |
| ഒറ്റപ്പാലം | 8 | 8 | 4 | 4 | 100 |
| ആലങ്ങാട് | 3 | 3 | 3 | - | 100 |
| ചെർപ്പുളശ്ശേരി | 1 | 1 | - | 1 | 100 |
| കടമ്പൂർ | 8 | 7 | - | 3 | 88 |
| കടമ്പഴിപ്പുറം | 6 | 6 | - | 2 | 100 |
| കേരളശ്ശേരി | 7 | 7 | 1 | 6 | 100 |
| കൂനത്തറ | 2 | 2 | 1 | 1 | 100 |
| കുളക്കാട്ടുക്കുറുശ്ശി | 6 | 4 | - | 3 | 67 |
| പാലപ്പുറം | 8 | 8 | 3 | 5 | 100 |
| പട്ടാമ്പി | 4 | 4 | - | 2 | 100 |
| ഷൊർണ്ണൂർ | 14 | 14 | 5 | 9 | 100 |
| **പാലക്കാട്ഫൊറോന** | | | | | |
| കത്തീഡ്രൽ | 28 | 26 | 1 | 13 | 93 |
| ചന്ദ്രനഗർ | 9 | 9 | - | 4 | 100 |
| കല്ലേപ്പുള്ളി | 4 | 1 | - | 1 | 25 |
| കഞ്ചിക്കോട് | 12 | 1 | 4 | 3 | 92 |
| കൊടുന്തിരപ്പുള്ളി | 3 | 3 | - | 2 | 100 |
| കോട്ടായി | 4 | 4 | 1 | 1 | 100 |
| ടൗൺചർച്ച് | 10 | 10 | 2 | 6 | 100 |

| | | | | | |
|---|---|---|---|---|---|
| വാളയാർ | 1 | 1 | 1 | – | 100 |
| കല്ലേപ്പുള്ളി സെമിനാരി | 11 | 11 | 6 | 5 | 100 |
| **പൊന്നങ്കോട് ഫൊറോന** | | | | | |
| പൊന്നംങ്കോട് | 18 | 18 | 2 | 12 | 100 |
| അരപ്പാറ | 8 | 8 | – | 8 | 100 |
| ചുള്ളിയാംകുളം | 10 | 10 | 3 | 7 | 100 |
| കല്ലടിക്കോട് | 10 | 10 | – | 7 | 100 |
| കാരാകുർശ്ശി | 13 | 13 | 1 | 7 | 100 |
| കരിമ്പ | 10 | 7 | 1 | 3 | 70 |
| നിരവ് | 1 | 1 | – | – | 100 |
| പൊമ്പ്ര | 8 | 8 | 4 | 4 | 100 |
| **തത്തമംഗലം ഫൊറോന** | | | | | |
| തത്തമംഗലം | 4 | 4 | – | 3 | 100 |
| ചിറ്റൂർ | 5 | 5 | 2 | 2 | 100 |
| കൊടുവായൂർ | 2 | 2 | 1 | 1 | 100 |
| കൊഴിഞ്ഞാമ്പാറ | 2 | 2 | – | 1 | 100 |
| **താവളം ഫൊറോന** | | | | | |
| താവളം | 7 | 7 | 1 | 2 | 100 |
| അഗളി | 9 | 9 | 3 | 4 | 100 |
| ചിറ്റൂർ | 7 | 5 | – | 2 | 71 |
| ജെല്ലിപ്പാറ | 19 | 16 | 2 | 6 | 84 |
| കാരറ | 4 | 4 | 1 | 2 | 100 |
| കോട്ടത്തറ | 10 | 9 | 5 | 4 | 90 |
| ഷോളയൂർ | 1 | – | – | – | 00 |
| ത്രിത്വമല | 10 | 10 | 1 | 6 | 100 |
| വയലൂർ | 1 | 1 | – | 1 | 100 |
| **വടക്കഞ്ചേരി ഫൊറോന** | | | | | |
| വടക്കഞ്ചേരി | 31 | 31 | 6 | 13 | 100 |
| ആരോഗ്യപുരം | 10 | 10 | 1 | 6 | 100 |
| ജോസ്ഗിരി | 5 | 5 | 1 | 2 | 100 |
| കണ്ണമ്പ്ര | 9 | 8 | 2 | 3 | 89 |
| പാടൂർ | 1 | 1 | – | 1 | 100 |
| പാലക്കുഴി | 3 | 3 | 2 | 1 | 100 |
| പനംകുറ്റി | 2 | 2 | – | 1 | 100 |
| പന്തലാംപാടം | 11 | 11 | 3 | 3 | 100 |
| പഴമ്പാലക്കോട് | 2 | 2 | – | 1 | 100 |
| രാജഗിരി | 15 | 15 | 3 | 7 | 100 |





| | | | | | |
|---|---|---|---|---|---|
| തച്ചനടി | 4 | 3 | – | 1 | 75 |
| വചനഗിരി | 12 | 12 | 2 | 7 | 100 |
| വാൽകുളമ്പ് | 6 | 6 | 1 | 2 | 100 |
| **സേലം** | | | | | |
| സേലം | 7 | 7 | 1 | 2 | 100 |

| | |
|---|---|
| പരീക്ഷ എഴുതിയവർ | 771 |
| പാസായവർ | 735 |
| തോറ്റവർ | 36 |
| ഡിസ്റ്റിംഗ്ഷൻ | 132 |
| ഫസ്റ്റ് ക്ലാസ് | 342 |

**രൂപതാ മതബോധന കൗൺസിൽ**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 28-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ സംയുക്തമീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ മെമ്പർമാരുടെയും പ്രധാന അധ്യാപകരുടെയും സംയുക്തമീറ്റിംഗ് ഏപ്രിൽ 28-തിയ്യതി ശനിയാഴ്ച 2pm മുതൽ 4pm വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തെ വിലയിരുത്തുന്നതിനോടൊപ്പം പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമാണ്.എല്ലാ പ്രധാന അധ്യാപകരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

Diocese of Palakkad

**ലോഗോസ് ക്വിസ് 2012**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 30-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 25-നും ആയിരിക്കും.

**പഠനഭാഗം**
പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ ബൈബിൾ അപ്പോസ്തലേറ്റ്



# തിരുബാലസഖ്യം

**വിശുദ്ധർ :** ഏപ്രിൽ 24. വി. ഗീവർഗ്ഗീസ്, ഏപ്രിൽ 25. വാ. കുഞ്ഞച്ചൻ

**പ്രാർത്ഥനാവിഷയം :** എല്ലാ സമർപ്പിതർക്കും വേണ്ടി പ്രാർത്ഥിക്കുക.

**സുകൃതജപം :** എന്റെ ഈശോയേ എന്നെ മുഴുവനും അങ്ങേക്ക് സമർപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ :** ദൈവാലയ തിരുക്കർമ്മത്തിൽ ഭക്തിപൂർവ്വം പങ്കെടുക്കുക.

**തിരുബാലസഖ്യദിന കളക്ഷൻ**

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് അന്നേദിനം ഇടവകയിൽ നടത്തിയ കളക്ഷൻ രൂപതയിൽ എത്രയും വേഗം ഏല്പിക്കുമല്ലോ. പാസ്റ്ററൽ സെന്ററിലെ കാറ്റിക്കിസം ഓഫീസിൽ പണം നല്കി രസീത് കൈപ്പറ്റാവുന്നതാണ്.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ചെറുപുഷ്പ മിഷൻ ലീഗ്

**2012 ഏപ്രിൽ**

നാമെല്ലാവരും നോമ്പിന്റെ ചൈതന്യത്തിൽ ഉയിർപ്പിന്റെ മഹത്ത്വത്തെ പ്രാപിക്കാൻ നീങ്ങിക്കൊണ്ടിരിക്കുന്ന അവസരമാണല്ലോ ഇത്. വിശുദ്ധിയുടെ പാതയിൽ സ്നേഹപൂർണ്ണമായ അനുരഞ്ജനപ്പെടലിന്റെ നവജ്വാല ഹൃദയത്തിലേറ്റുവാങ്ങിക്കൊണ്ട് നമുക്ക് ഈ വിശുദ്ധവാരത്തിൽ പങ്കാളികളാകാം.

01 ഞായർ — ഓശാന ഞായർ, വിശുദ്ധവാരം ആരംഭിക്കുന്നു. തിരുക്കർമ്മങ്ങളിൽ സജീവമായി പങ്കുകൊള്ളുവാനും സഹകരിക്കാനും ശ്രദ്ധിക്കുക.

03 ചൊവ്വ — മാർ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ചരമവാർഷികം. (പ്രേഷിതനായ പാപ്പ എന്നറിയപ്പെടുന്ന ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ജീവിതമാതൃക ഉൾക്കൊള്ളാൻ പരിശ്രമിക്കുക)

05 വ്യാഴം — പെസഹാവ്യാഴം
കർത്താവിന്റെ അന്ത്യ അത്താഴത്തിന്റെ മുക്താനുഭവം ജീവിതത്തിലുണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുക.

06 വെള്ളി — ദുഃഖവെള്ളി
കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി ധ്യാനിക്കുകയും പ്രേഷിത വേലയ്ക്കിടയിൽ സഹനങ്ങളും ബുദ്ധിമുട്ടുകളും നേരിടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. കുരിശിന്റെ വഴിയിൽ പങ്കുചേരുക.

07 ശനി — ദുഃഖശനി
വിശുദ്ധീകരിക്കപ്പെടാനായി പ്രാർത്ഥിക്കുക

08 ഞായർ — ഉയിർപ്പുതിരുനാൾ
നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ മഹത്ത്വത്തിൽ പങ്കുചേരുകയും തിരുനാൾ മംഗളങ്ങൾ ഏവർക്കും കൈമാറുകയും ചെയ്യുക.

ചിന്താവിഷയം : ശൂന്യമായ കല്ലറയും തിരുക്കാഴ്ചകളും

**അനുബന്ധ പ്രവർത്തനങ്ങൾ**

**പ്രാർത്ഥനാ നിയോഗം :** മിഷൻ ദൈവവിളിക്കുവേണ്ടി

ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് ആശുപത്രികൾ, അനാഥ മന്ദിരങ്ങൾ എന്നിവ സന്ദർശിച്ച് ഉത്ഥാനാനുഭവം സ്വായത്തമാക്കുക, ഭക്ഷണ വിതരണം, പരിസരശുചീകരണം എന്നിവയിൽ പങ്കാളികളാവുക.

സുകൃതജപം : ഉത്ഥിതനായ ഈശോയേ, അങ്ങയുടെ ഉത്ഥാനത്തിൽ ഞങ്ങളെ പങ്കുചേർക്കേണമെ.

ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ

**ഫാ. നിലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ, സി. എം. എൽ.

# കെ. സി. വൈ. എം

**Yeast (Youth Empowerment And Spritual Training Programme)**

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെയും സഭയുടെയും വളർച്ചയെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി രൂപതാ സമിതി ഒരുക്കുന്ന പഠനപരിശീലനകളരി പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 27ന് ഉദ്ഘാടനം ചെയ്യുന്നു. എല്ലാ മാസാവസാന വെള്ളിയാഴ്ചകളിൽ 6 മണിക്കുതുടങ്ങി വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. യൂണിറ്റുകളിൽ നിന്ന് താല്പര്യമുള്ള യുവതീയുവാക്കൾ രൂപത ഓഫീസിൽ രജിസ്റ്റർ ചെയ്യണ്ടതാണ്. സഭാ വിജ്ഞാനീയം, ബൈബിൾ, ധാർമ്മികത. സഭാനിയമം, സഭയുടെ

സാമൂഹ്യപഠനങ്ങൾ, യുവജന മനഃശാസ്ത്രം, നേതൃത്വപരിശീലനം, ആനുകാലികവിഷയ വിശകലനം തുടങ്ങിയ വിഷയങ്ങൾ യുവജനങ്ങളെ പഠിപ്പിക്കുന്നു. വിജയകരമായി പൂർത്തിയാക്കിവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. ഓരോ യൂണിറ്റുകളിൽ നിന്നും ഒരു യുവാവിനും ഒരു യുവതിക്കും മാത്രം അവസരം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമെ പ്രവേശനം ലഭിക്കുകയുള്ളൂ. ഇതിനാവശ്യവമായ ക്രമീകരണങ്ങൾ വികാരിയച്ചൻമാർ ചെയ്യുമല്ലോ.

**മലയാറ്റൂർ പദയാത്ര**

വലിയനോമ്പിന്റെ ചൈതന്യം ഹൃദയത്തിൽപേറിക്കൊണ്ട്, കർത്താവിന്റെപീഡാസഹനത്തിലും, കുരിശുമരണത്തിലും പങ്കുകാരാവുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം രൂപത സമിതിയുടെ നേതൃത്വത്തിൽ മലയാറ്റൂർ പദയാത്ര സംഘടിപ്പിക്കുന്നു. പ്രസ്തുത പദയാത്ര ഏപ്രിൽ 1-ാം തിയ്യതി ഉച്ചകഴിഞ്ഞ് 4 മണിക്ക് വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന പള്ളിയിൽ നിന്നാരംഭിക്കും. പദയാത്രയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ മുൻ രൂപത വൈസ് പ്രസിഡന്റ് ശ്രീ ഷാജിൽ ഫോൺ. 9961685491, സന്തോഷ് അറയ്ക്കൽ എന്നിവരുമായി ബന്ധപ്പെടുക.

**ഏവർക്കും രൂപതാസമിതിയുടെ ഈസ്റ്റർ ആശംസകൾ...**

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

## സി. എൽ. സി

24.3.2012 ന് ചേർന്ന രൂപതാ സി.എൽ.സി യോഗത്തിൽ ബഹു. മുൻ ഡയറക്ടർ ഫാ. ബിജു പ്ലാത്തോട്ടത്തിലച്ചന് സ്നേഹപൂർവ്വം യാത്രാമംഗളങ്ങൾ നേർന്നു. കഴിഞ്ഞ രണ്ടുവർഷം നിസ്വാർത്ഥമായി രൂപതാ സി. എൽ.സിയെ നയിക്കുകയും സി.എൽ.സിയെ ആത്മീയമായി പ്രചോദിപ്പിക്കുകയും ചെയ്ത ബിജു അച്ചന് സി.എൽ.സി പ്രസിഡന്റ് ലൈജോ, കോർഡിനേറ്റർ ഡാനി ചെറുവത്തൂർ മറ്റു ഭാരവാഹികൾ എന്നിവർ നന്ദി അറിയിച്ചു. മീറ്റിംഗിൽ ഫാ. ബിജു സി.എൽ.സിയുടെ ഡയറക്ടർ സ്ഥാനം മാർട്ടിനച്ചന് കൈമാറി. തുടർന്നും സി.എൽ.സി. അംഗങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ ഏററവും സ്നേഹത്തോടെ പ്രതീക്ഷിക്കുന്നു.

**സന്ദേശം:** സഹോദര സ്നേഹത്തെ ഇല്ലാതാക്കുന്ന അസൂയ വർജ്ജിക്കുക.

പഠനം: ലൂക്ക 20.20-26

പ്രവർത്തനം: പ്രേഷിത മനോഭാവത്തിനുവേണ്ടി പ്രാർത്ഥിക്കുക.

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ, സി.എൽ.സി.





## ജീസസ് യൂത്ത്

**കുഞ്ഞുങ്ങളോടൊത്ത്...**

ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ജീസസ് യൂത്ത് അംഗങ്ങൾ മാർച്ച് 24-ാം തിയ്യതി ശനിയാഴ്ച ചെറുപുഷ്പാലയം അനാഥമന്ദിരത്തിലെ കുഞ്ഞുങ്ങളെ സന്ദർശിച്ച് അന്നേദിനം മുഴുവൻ അവരോടൊത്ത് ചെലവഴിച്ചു. പഠന രീതികളെക്കുറിച്ച് ക്ലാസ്സെടുത്തും അനുഭവങ്ങൾ പങ്കുവെച്ചും ആക്ഷൻ സോംഗ്, ഗ്രൂപ്പ് ഗെയിംസ് തുടങ്ങിയവ നടത്തിയും അനുഗ്രഹീതമായ ഒരു സുദിനം അവർ കുഞ്ഞുങ്ങൾക്ക് സമ്മാനിച്ചു. തുടർന്ന് നടന്ന വിശുദ്ധ ബലിയിൽ കുട്ടികളും ജീസസ് യൂത്ത് അംഗങ്ങളും സജീവമായി സംബന്ധിച്ചു. കോ-ഓർഡിനേറ്റർ നീതു സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ നടന്ന പ്രസ്തുത പ്രോഗ്രാം കുട്ടികൾക്കും ജീസസ് യൂത്ത് അംഗങ്ങൾക്കും ഏറെ അനുഗ്രഹപ്രദമായിരുന്നു.

**ഫാമിലി ഗാതറിംഗ്**

പാലക്കാട് ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 25ന് ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ ഏകദിന സെമിനാർ നടത്തി. മാതാപിതാക്കളും കുട്ടികളുമടക്കം നൂറോളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ പ്രീത ഷാജി 'എയ്ഞ്ചൽസ് ആർമി'യെക്കുറിച്ച് ക്ലാസ്സെടുത്തു. അന്നേദിനം ആരാധനക്ക് നേതൃത്വം നൽകിയ പെരി. ബഹു. മാത്യു വാഴയിൽ അച്ചനും ക്രിസ്തു ശിഷ്യത്വത്തെക്കുറിച്ച് അനുഭവങ്ങൾ പങ്കുവെച്ച ലിനോ ഇമ്മട്ടി അച്ചനും പ്രത്യേകം നന്ദി. പ്രോഗ്രാമിന്റെ വിജയത്തിനായി പ്രവർത്തിച്ച വിൽസൻ കരേരക്കാട്ടിലിനും ബിജു എം.എസ്. നും അഭിനന്ദനങ്ങൾ.

**തിരുസന്നിധിയിൽ**

28-ാം തിയ്യതി വ്യാഴാഴ്ച അകത്തേത്തറ എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജിലെ ജീസസ് യൂത്ത് അംഗങ്ങൾ കോ-ഓർഡിനേറ്റർ ലിബിന്റെ നേതൃത്വത്തിൽ പരീക്ഷക്ക് ഒരുക്കമായി ഒലവക്കോട് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥന ശുശ്രൂഷകളിൽ സംബന്ധിച്ചു. ബഹു. ജോസ്പ്രകാശ് തൂണിക്കാവിൽ അച്ചൻ പ്രാർത്ഥന ശുശ്രൂഷക്ക് നേതൃത്വം നൽകുകയും തുടർന്ന് മിഷനറി പ്രവർത്തനങ്ങളെ സംബന്ധിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ, ജീസസ് യൂത്ത്

# മാതൃസംഘം

**ജനറൽബോഡി മീറ്റിംഗും കർമ്മപദ്ധതി പ്രകാശനവും**

രൂപതാ ജനറൽബോഡി മീറ്റിംഗും കർമ്മപദ്ധതി പ്രകാശനവും 2012 മാർച്ച് 10ന് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. കാറ്റികിസം ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**2012 ഏപ്രിൽ - കർമ്മപദ്ധതി**

- മെയ്മാസത്തിലെ മാതൃദിനാഘോഷങ്ങൾ യൂണിറ്റ് തലങ്ങളിൽ നടത്തുവാൻ ക്രമീകരണം ചെയ്യുക
- പരിത്യാഗധനസമാഹരണം പാവങ്ങളോട് കൂടെയായിരിക്കുവാൻ (ഉപവാസം)

**ഫൊറോന സെമിനാർ** - മംഗലംഡാം ഫൊറോന

ഫൊറോന ഘടകത്തിന്റെ യൂണിറ്റ് സന്ദർശനം

വിശ്വാസ വളർച്ചയും മക്കളുടെ എണ്ണത്തിലെ വളർച്ചയും

ഏപ്രിൽ 15 - കയ്യെഴുത്തുപ്രതി (സൃഷ്ടി 2012) എഡിറ്റോറിയൽ

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2012 ഏപ്രിൽ : 9,10,11,12, 2012 ജൂൺ : 4, 5, 6, 7** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.







# നവീകരണ മുന്നേറ്റം

പാലക്കാട് സോണൽസർവ്വീസ് ടീം (PST) പാസ്റ്ററൽ സെന്ററിൽ ഒന്നുചേർന്നു സോണിലെ നവീകരണ പ്രവർത്തനങ്ങളെ വിലയിരുത്തി. സബ്സോണൽതലത്തിൽ നടന്നുകൊണ്ടിരിക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന കൂട്ടായ്മകൾ ശക്തിപ്പെടുത്താനായി സോണൽ തലത്തിൽ പ്രോഗ്രാം കോഡിനേറ്ററായി തോമസ് തേക്കാനത്തിനെ (ഇളവംപാടം) തിരഞ്ഞെടുത്തു. എല്ലാ മാസവും അവസാന വെള്ളിയാഴ്ച സോണൽ തലത്തിൽ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയുടെ നേതൃത്വം പി.എസ്.ടി തലത്തിൽ നടത്തുന്നു.

സോണിൽ ദമ്പതികൾക്കായി രൂപംകൊണ്ടിട്ടുള്ള കപ്പിൾസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതായി കപ്പിൾസ് മിനിസ്ട്രി കോ-ഓർഡിനേറ്ററായി ശ്രീ. ബിജു എം.എസ് (മുണ്ടൂർ) തെരഞ്ഞെടുത്തു.

എല്ലാമാസവും മാസവസാനവെള്ളിയാഴ്ച ജാഗരണപ്രാർത്ഥന പാലക്കാട് കത്തീഡ്രലിൽ രാത്രി 7.30 മുതൽ പിറ്റേന്ന് 5 വരെ നടത്തുന്നു. ഏപ്രിൽ 27 നാണ് ഈ മാസത്തെ ജാഗരണപ്രാർത്ഥന

മാർച്ച് 16,17 ദിവസങ്ങളിൽ ലീഡേഴ്സ് ട്രെയിനിങ്ങ് പ്രോഗ്രാമിന്റെ (Zume) ക്ലാസ്സുകൾ പാലക്കാട് പാസ്റ്ററൽ സെന്ററിൽ നടന്നു. റവ. ഫാ.ജോസ് പ്രകാശ് (ധോണി ഇടവകവികാരി), ശ്രീ തോമസ് കുര്യൻ (കോട്ടയം) എന്നിവർ ക്ലാസ്സുകൾ നയിച്ചു. അടുത്ത (Zume) ഏപ്രിൽ 20,21 ദിവസ്സങ്ങളിൽ നടത്തുന്നു.

എല്ലാവർക്കും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ നേരുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം



# ക്രിസ്റ്റീൻ വാർത്തകൾ

ഏപ്രിൽ-മെയ് മാസങ്ങളിലായി വള്ളിയോട് ഐ.ടി.സി യിൽ വച്ച് നടക്കാനിരിക്കുന്ന ക്രിസ്റ്റീൻ യുവജന ധ്യാനങ്ങളുടെ പുനഃക്രമീകരിച്ച സമയക്രമങ്ങൾ.

| | | |
|---|---|---|
| ഏപ്രിൽ | 9-14 | യുവജനധ്യാനം |
| ഏപ്രിൽ | 15-19 | ക്രിസ്റ്റീൻ (full) |
| ഏപ്രിൽ | 25-29 | ക്രിസ്റ്റീൻ (full) |
| മെയ് | 7-11 | ക്രിസ്റ്റീൻ (മണ്ണാർക്കാട്) |

ഏപ്രിൽ -മെയ് മാസങ്ങളിൽ ബഹു. റെനി പുല്ലുകാലയിൽ അച്ചന്റെ

നേതൃത്വ ത്തിൽ റെഗുലർസ്കൂൾ കാറ്റിക്കിസം അധ്യാപകർക്കായി വള്ളിയോട് ഐ.ടി.സിയിൽ വച്ച് പവർ കോൺഫറൻസുകൾ നടത്തപ്പെടുന്നു. പ്രവേശനം ആദ്യം രജിസ്റ്റർ ചെയ്യുന്ന 80 പേർക്ക് മാത്രം

ഏപ്രിൽ 19 (6.pm) 24 (9.Am)

മെയ് 3 (6pm)- 7 (9am)

കൂടുതൽ വിവരങ്ങൾക്ക് പാലക്കാട് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസുമായി ബന്ധപ്പെടുക ഫോൺ-0491-2004097, 9567929861

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, ക്രിസ്റ്റീൻ മൂവ്മെന്റ്



## ജീസസ് ഫ്രട്ടേണിറ്റി

മാർച്ച് 15 മുതൽ 17 വരെയുള്ള ദിവസങ്ങളിലായി കാർമ്മൽഗിരി സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ പാലക്കാട് സോണിലെ തടവറകൾ സന്ദർശിച്ചു.

ആലത്തൂർ, ചിറ്റൂർ, പാലക്കാട്, ഒറ്റപ്പാലം എന്നീ തടവറകൾക്കുപുറമെ ഹോളിഫാമിലി കോൺവെന്റ് ആലത്തൂർ, സെറാഫിക് പ്രൊവിൻഷ്യൽ ഹൗസ്, ജെയ്ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസ്, കല്ലേപ്പുള്ളി മൈനർ സെമിനാരി, പാലന ആശുപത്രി, കഞ്ചിക്കോട് അസ്സീസി കോൺവെന്റ് എന്നിവയും സന്ദർശിച്ച് യേശുസാഹോദര്യ ചൈതന്യം പങ്കുവെച്ചു.

മാർച്ച് 10ന് ആലത്തൂർ യൂണിറ്റിന്റെയും മാർച്ച് 12ന് ചിറ്റൂർ യൂണിറ്റിന്റെയും മാർച്ച് 25ന് പാലക്കാട് യൂണിറ്റിന്റെയും മീറ്റിംഗുകൾ കൂടി. തടവറ സന്ദർശനങ്ങൾ കൂടുതൽ ഫലദായകമാക്കുന്നതിനെക്കുറിച്ചും അല്മായരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചിന്തിച്ചു. തടവറ മക്കൾക്കു വേണ്ടി ജപമാലചൊല്ലി പ്രാർത്ഥിച്ച് യോഗം പര്യവസാനിച്ചു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഏപ്രിൽ | 8-13 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |





| | | |
|---|---|---|
| ഏപ്രിൽ | 15-20 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ | 22-27 | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ 29- മെയ് 04 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

ഏപ്രിൽ 15 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണിമുതൽ വൈകിട്ട് 5 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. addres www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

## പി. എസ്. എസ്. പി.

**സേവ് എ ഫാമിലി റീജിയണൽ മീറ്റിംഗുകൾ**

| തിയ്യതി | റീജിയൺ | സമയം | സ്ഥലം |
|---|---|---|---|
| 14.04.12 | ആലത്തൂർ | 10.am to 01.pm | വടക്കഞ്ചേരി ചെറുപുഷ്പം |
| 21.04.12 | ഒറ്റപ്പാലം& പാലക്കാട് | 10.am to 01.pm | പാസ്റ്ററൽ സെന്റർ പാലക്കാട് |
| 28.04.12 | അട്ടപ്പാടി | 10.am to 01.pm | അഗളി |

**സേവ് എ ഫാമിലി ഫണ്ട് വിതരണം**

സേവ് എ ഫാമിലി ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള ഫണ്ട് വിതരണം എല്ലാമാസവും ആദ്യത്തെ ചൊവ്വാഴ്ച ആലത്തൂർ റീജിയണിനു വേണ്ടിയും 2-ാം മത്തെ ചൊവ്വാഴ്ച ഒറ്റപ്പാലം റീജിയണിലുള്ളവർക്കും 3-ാമത്തെ ചൊവ്വാഴ്ച അട്ടപ്പാടി റീജിയണിലുള്ള ഗുണഭോക്താക്കൾക്കുവേണ്ടിയും പാലക്കാട് പി.എസ്.എസ്പി ഓഫീസിൽ വച്ച് രാവിലെ 10 മണിമുതൽ നടത്തുന്നതാണ്.

**ജില്ലാഫെഡ് മീറ്റിംഗ്**

3.4.12 ചൊവ്വാഴ്ച കാലത്ത് 11 മണിക്ക് ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് പി. എസ്.എസ്.പി.യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക്ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.4.12 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11am |
| 11.4.12 | ബുധൻ | മണ്ണാർക്കാട് | പുതുക്കാട് | 11am |
| 12.4.12 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളികുന്ന് | 11am |
| 13.4.12 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2Pm |
| 16.4.12 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11am |
| 18.4.12 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 1am |
| 25.4.12 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 11am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| | | | |
|---|---|---|---|
| 16.4.12 | തിങ്കൾ | ഗൂളിക്കടവ് | 11am to 2 pm |
| 17.4.12 | ചൊവ്വ | സാൻജോ ടവ്വർ | 11am to 2 pm |
| 18.4.12 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11am to 2 pm |
| 19.4.12 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11am to 2 pm |
| 25.4.12 | ബുധൻ | FCC വടക്കുഞ്ചേരി | 11am to 1 pm |

**ജ്വല്ലറി മേക്കിംഗ് ട്രെയിനിംഗ്**

ഏപ്രിൽ 16 മുതൽ 20-ാം തിയതി വരെ പി.എസ്.എസ്.പി.യിൽ വച്ച് 5 ദിവസത്തെ ഒരു ഓർണമെന്റ് നിർമ്മാണ പരിശീലന പരിപാടി (ഫാഷൻ ആഭരണ നിർമ്മാണം) നടത്തുന്നു. സ്വയം വരുമാനവർദ്ധനവിന് ഏറ്റവും സാദ്ധ്യതയുള്ള ഒരു പരിശീലനമാണ് ഇത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഏപ്രിൽ അഞ്ചിനു മുൻപ് പി. എസ്. എസ്. പി. യിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യം പേരു രജിസ്റ്റർ ചെയ്യുന്ന 10 പേർക്ക് ഫീസിൽ ഇളവു നൽകുന്നതാണ്. (ഫീസ് 2500 രൂപ) കോഴ്സ് സ്ത്രീകൾക്കുമാത്രം കൂടുതൽ വിവരങ്ങൾക്ക് പി. എസ്. എസ്. പി. ഓഫീസുമായി ബന്ധപ്പെടുക.

**കരിയർ ഗൈഡൻസ് സെമിനാർ**

10-ാംക്ലാസ്, +2 പാസായവരും പരീക്ഷ എഴുതി നിൽക്കുന്ന കുട്ടികൾക്കു വേണ്ടി ഏപ്രിൽ 10-ാം തീയതിയോടുകൂടി ഒരു കരിയർ ഗൈഡൻസ് സെമിനാർ (ഒരുദിവസം) നടത്തുന്നു. തൊഴിൽ സാദ്ധ്യതയുള്ള തുടർവിദ്യാഭ്യാസ മേഖലകളെക്കുറിച്ച് വിദഗ്ധർ ക്ലാസ്സെടുക്കും. കുട്ടിയും രക്ഷിതാക്കളും നിർബന്ധമായും ക്ലാസിൽ പങ്കെടുക്കണം. (ഫീസ് 200 രൂപ) ആവശ്യമുള്ളവർ എത്രയുംവേഗം പി .എസ് .എസ്.പി യിൽ പേരു രജിസ്റ്റർ ചെയ്യുക.ല്പര്യമുള്ളവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.







# From the Bishop's Diary

**2012 ഫെബ്രുവരി**

28 - മലമ്പുഴയിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

29 - മൈലംപുള്ളി ഹോളിഫാമിലി നൊവീഷ്യേറ്റ് ഹൗസിലും ചന്ദ്രനഗർ ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസിലും നൊവീസ്സസിന് ക്ലാസ്സെടുത്തു.

**2012 മാർച്ച്**

2 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

3. - പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം.ന്റെ 2012ലെ കർമ്മപദ്ധതി പ്രകാശനം ചെയ്തു. പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

- സെന്റ് റാഫേൽസ് കത്തീഡ്രലിൽ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

4 - പോത്തന്നൂരിൽ ഫാ. തോമസ് കാവുങ്കലിന്റെ പിതാവിന്റെ മൃതദേഹത്തിൽ ഒപ്പീസ് പാടി.

5 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

6 - പാലന, ആയൂർപാലന ആശുപത്രികളും അനുബന്ധ സന്യാസഭവനങ്ങളും സന്ദർശിച്ചു.

7 - കണ്ടമംഗലം ക്രിസ്തുരാജാ ദൈവാലയം സന്ദർശിച്ചു.

- തെങ്കര ഡൊമിനിക്കൻ നൊവീഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

- താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു.

8 - പാലാരിവട്ടം പി.ഒ.സിയിൽ കെ.സി.വൈ.എം. സംഘടിപ്പിച്ച Migration Workshop ഉദ്ഘാടനം ചെയ്തു.

- പി.ഒ.സിയിൽ കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് കേരളയും ഹെൽത്ത് കമ്മീഷനും സംഘടിപ്പിച്ച സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

9 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ബിഷപ്സ് സിനഡിൽ സംബന്ധിച്ചു.

– കാക്കനാട് സെന്റ് ആന്റണീസ് കോൺവെന്റിൽ എം.എസ്.ജെ. സിസ്റ്റേഴ്സിന് സന്ദേശം നൽകി.

10 – എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവിന് നല്കിയ സ്വീകരണ സമ്മേളനത്തിലും സമൂഹബലിയിലും സംബന്ധിച്ചു.

– അശോകപുരം ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

11 – മുണ്ടൂർ മേരിലാന്റിൽ ജൂനിയർ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു.

12 – വള്ളിയോട് പുതുതായി നിർമ്മിക്കുന്ന സാൻജോ ഫാർമസ്യൂട്ടിക്കൽ കോളേജിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

13–14 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

15 – റോമിലെ "Damascene College' ലെ അച്ചന്മാരെ സന്ദർശിക്കുന്നതിനുവേണ്ടി റോമിലേക്ക് പുറപ്പെട്ടു.

23 – റോമിൽ നിന്നും തിരിച്ചെത്തി.

24 – ദീപിക ശതോത്തര ജൂബിലിയോടനുബന്ധിച്ച് ദീപികയും പി.എസ്.എസ്.പി.യും പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച കർഷക സംഗമം ഉദ്ഘാടനം ചെയ്തു.

25 – മംഗലംഡാം സെന്റ് സേവ്യേഴ്സ് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

– തച്ചമ്പാറയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ അടിസ്ഥാനശില ആശീർവ്വദിച്ചു, സ്ഥാപിച്ചു.

– അരപ്പാറ സെന്റ് സെബാസ്റ്റ്യൻ ഇടവക ദൈവാലയം സന്ദർശിച്ചു.

26 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

27 – തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ രോഗീസന്ദർശനം നടത്തി.

– വചനഗിരി സെന്റ് ജോർജ്ജ് ഇടവക ദൈവാലയവും വടക്കഞ്ചേരി ദൈവദാൻ സെന്ററും സന്ദർശിച്ചു.

28 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ഇടവകാംഗം മുണ്ടക്കൽ മത്തായിയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



